# പൗലോസ് എഫേസോസിലെ സഭയ്ക്കെഴുതിയ ലേഖനം

ആധുനിക തുർക്കിയുടെ പടിഞ്ഞാറേതീരത്തു സ്ഥിതിചെയ്തിരുന്ന തുറമുഖനഗരമാണ് എഫേസോസ്. വാണിജ്യത്തിനും വിസ്തൃതമായ രാജപാതകൾക്കും അറിയപ്പെട്ടിരുന്ന നഗരമാണിത്. അർത്തേമിസ്ദേവിയുടെ ക്ഷേത്രവും യഹൂദരുടെ കോളനിയുമുണ്ടായിരുന്ന ഈ നഗരത്തിൽ, പൗലോസ് തന്റെ രണ്ടാംപ്രേഷിതയാത്രയോടെയാണ് എത്തുന്നത് (അപ്പ 18,19-21). മൂന്നാംപ്രേഷിതയാത്രയിൽ ശ്ലീഹാ രണ്ടുവർഷം എഫേസോസിൽ താമസിച്ചുപ്രവർത്തിച്ചു (അപ്പ 19,8-10). പൗലോസ് തടവിലായിരിക്കുമ്പോഴാണ് ഈ ലേഖനമെഴുതുന്നത് (3,1; 4,1; 6,20). അതിനാൽ, ഈ ലേഖനം ബന്ധനകാലലേഖനങ്ങളുടെ കൂട്ടത്തിൽവരുന്നു.

പൗലോസ് എഫേസോസിലെ സഭയ്ക്കെഴുതിയ ലേഖനം ഒരു പൊതു ലേഖനമാണെന്നു പണ്ഡിതർ അഭിപ്രായപ്പെടുന്നു. പുതിയ നിയമ പുസ്തകങ്ങളിൽ പരിചിതമായ സഭാസമൂഹമാണ് എഫേസൂസ്. അപ്പസ്റ്റോലാ പ്രവർത്തനങ്ങൾ 18 ഉം 19 ഉം അധ്യായങ്ങളുടെ പശ്ചാത്തലം എഫേസൂസാണ്. അപ്പോളോസ് എന്നുപേരുള്ള അലക്സാൺഡ്രിയാക്കാരനായ ഒരു യഹൂദൻ എഫേസോസിൽ വന്നു. (അപ്പ 18, 24). അവനു യോഹന്നാന്റെ ജ്ഞാനസ്നാനത്തെക്കുറിച്ചു (ജലത്താലുള്ള സ്നാനം മാത്രമേ) മാത്രമേ അറിവുണ്ടായിരുന്നുള്ളൂ. ആത്മാവിലുള്ള സ്നാനമുണ്ട് എന്ന് അറിവില്ലായിരുന്നു. (അപ്പ 18, 25). പ്രിഷില്ലയും അക്വീലായും അവന്റെ പ്രസംഗം കേട്ടു. അവർ അവനെ കൂട്ടിക്കൊണ്ടുപോയി ദൈവത്തിന്റെ മാർഗം (ആത്മസ്നാനത്തെ കുറിച്ച്) കൂടുതൽ വ്യക്തമായി പറഞ്ഞുകൊടുത്തു.

എഫേസോസുകാർക് ആത്മാവിലുള്ള സ്നാനത്തിന്റെ അവസ്ഥകൾ , ഫലങ്ങൾ പറഞ്ഞു കൊടുക്കുന്നതാണ് എഫേസോസുകർക്കുള്ള ലേഖനം . അപ്പോളോസിന് ശേഷം പൗലോസ് എഫെസൊസിൽ വരുന്നു (അപ്പ 19, 1-7). അവിടെ പൗലോസ് ആത്മാവിലുള്ള സനത്തെ കുറിച്ച് വ്യക്തത വരുത്തുന്നു . അവർ നല്ല സമുഹമായി മാറുന്നു . ആത്മാവിന്റെ ശക്തിയാൽ നിരവധി അത്ഭുതങ്ങൾ രോഗശാന്തികൾ സംഭവിക്കുന്നു . എന്നാൽ അതിനു ശേഷം എഫെസൊസിൽ ചില പ്രതിസന്ധികൾ കടന്നു വരുന്നു. എങ്ങിനെ ഈ അടയാളങ്ങളെ കച്ചവട വത്കരിക്കാം എന്ന് ചിലർ ചിന്തിച്ചു . യഹൂദരുടെ ഒരു പ്രധാനപുരോഹിതനായ സ്കേവായുടെ ഏഴു പുത്രൻമാരും ഇങ്ങനെ ചെയ്തുകൊണ്ടിരുന്നു (അപ്പ 19, 14).ഇത്തരത്തിലുള്ള ആത്മാവിന്റെ വരങ്ങൾ ദുരുപയോഗിക്കുന്ന അപചയം എഫെസൊസിൽ സംഭവിച്ചു.

വെള്ളിപ്പണിക്കാരുടെ ലഹള (അപ്പ 19, 23-29).

എഫെസൊസിൽ അർത്തെമിസിന്റെ വലിയൊരു അമ്പലം ഉണ്ടായിരുന്നു. നഗരാധികാരി ജനക്കൂട്ടത്തെ ശാന്തമാക്കിയതിനുശേഷം പറഞ്ഞു: എഫേസോസുകാരേ, എഫേസോസ് നഗരി മഹാദേവതയായ അർത്തേമിസിന്റെയും അവളുടെ, ആകാശത്തുനിന്നു വീണ പ്രതിമയുടെയുംക്ഷേത്രത്തിന്റെ പാലികയാണെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? (അപ്പ 19, 35). എഫേസോസുകാർ ഈ ദേവതയിലേക്കു ആകർഷിക്കപ്പെട്ടു . അർത്തേമിസ് ദേവിയുടെ ക്ഷേത്രത്തിന്റെ വെള്ളിമാതൃകകൾ ഉണ്ടാക്കി ക്കൊണ്ടിരുന്ന വെള്ളിപ്പണിക്കാരനായ ദമേത്രിയോസ് ശിൽപവേലക്കാർക്കു വലിയതോതിൽ തൊഴിലുണ്ടാക്കിക്കൊടുത്തുപോന്നു (അപ്പ 19, 24). എന്നാൽ പൗലോസ് ഇതിനെതിരെ പഠിപ്പിച്ചാൽ വെള്ളി പണിക്കരുടെ കച്ചവടം കുറഞ്ഞു. ക്രിസ്തു അർത്തെമിസിനെക്കാൾ മഹോന്നതനെന്നു പൗലോസ് പഠിപ്പിച്ചു. ഇതും എഫേസോസ് സഭയുടെ പശ്ചാത്തലമാണ്.

തിമോത്തിയോസിനുള്ള കത്തുകളുടെ പശ്ചാത്തലം എഫെസൊസിലെ സഭയാണ്: എഫോസോസിലെ സഭയിൽ പ്രവർത്തന നിരതനായിരുന്ന തിമോത്തിയോസിനെ അഭിസംബോധന ചെയ്തുകൊണ്ടാണ് പൗലോസ് എഴുതുന്നത്. 1 തിമോത്തി 1, 3-7: ചിലരെ ശാസിക്കുന്നതിനു എഫെസൊസിൽ നിൽക്കണമെന്ന് പൗലോസ് തിമോത്തിയോസിനെ ഉപദേശിക്കുന്നു .

വെളിപാട് പുസ്തകത്തിൽ സഭകൾക്കുള്ള കത്തുകളിൽ ആദ്യത്തേത് എഫെസൊസിലെ സഭക്കാണ്: വെളിപാട് 2, 1-5

ലേഖനകർത്താവ്, പൗലോസാണെന്ന് ഗ്രന്ഥത്തിൽ വ്യക്തമായിപറയുന്നുണ്ട് (1,1; 3,1.7.13; 4,1; 6,19.20). അങ്ങനെയെങ്കിൽ അവസാനമായി പൗലോസ് തടവിലായിരുന്ന (എ.ഡി. 61-63) റോമിൽനിന്നായിരിക്കണം ഇതെഴുതിയത് (അപ്പ 28,16-30). മറ്റുലേഖനങ്ങളിൽ നിർലീനമായിരിക്കുന്ന ഊഷ്മളമായ വ്യക്തിബന്ധം ഇതിൽ പ്രകടമല്ല; അതേസമയം പൗലോസിന്റെ ലേഖനങ്ങളുടെ സാമാന്യഘടന ഇതിൽ ദൃശ്യമാണുതാനും. മറ്റുലേഖനങ്ങളിൽനിന്നു വ്യത്യസ്തമായ ആരാധനാപരമായശൈലി (1,3-14; 1,15-23; 3,14-19), നവീനസഭാദർശനം (1,22.23; 2,11-22; 3,2-6; 4,1-6; 5,22.23), കർത്താവിന്റെ ആഗമനത്തെക്കുറിച്ചുള്ള വ്യത്യസ്തമായ ധാരണ (3,21), ദൈവികപദ്ധതിയാകുന്ന 'രഹസ്യ'ത്തെക്കുറിച്ചുള്ള ദർശനം (1,3-14; 3,1-14), വിജാതീയഭൂരിപക്ഷമുള്ള സഭയുടെചിത്രം, സഭയുടെ ഐക്യവും സാർവത്രികസ്വഭാവവും, യേശുവിന്റെ കർതൃത്വത്തെക്കുറിച്ചുള്ള പ്രതിപാദനം (1,22) തുടങ്ങിയ വ്യത്യാസങ്ങളും ശൈലിയിലും ദൈവശാസ്ത്രത്തിലും വന്നിരിക്കുന്ന വികാസപരിണാമങ്ങളും പൗലോസിന്റെ മനസ്സ് അടുത്തറിയുന്ന ഒരു ശിഷ്യൻ പിന്നീട് ഇത് എഡിറ്റ് ചെയ്ത് പരിഷ്കരിച്ചതാണെന്ന വാദത്തെയാണ് പിന്തുണയ്ക്കുന്നത്.

**1,1.2:** ലേഖനങ്ങളുടെ ആരംഭത്തിൽ കാണുന്ന അഭിവാദനം. ഈ വാക്യങ്ങളിലെ മുപ്പത് ഗ്രീക്കുപദങ്ങളിൽ ഇരുപത്തിരണ്ടെണ്ണവും കൊളോ 1,1.2-ലും കാണുന്നുണ്ട്.

**1,1: യേശുക്രിസ്തുവിന്റെ അപ്പസ്തോലനായ:** വിജാതീയരോടും ഇസ്രായേല്ക്കാരോടും സുവിശേഷം പ്രഘോഷിക്കാൻ പൗലോസിനെ നിയോഗിച്ചത് യേശുതന്നെയാണ് (അപ്പ 9,15; റോമാ 11,13.14).

**എഫേസോസിലുള്ളവരും:** ഈ പ്രയോഗം 3-ാം ശതകത്തിലെ P 46-ലും 4-ാം ശതകത്തിലെ സിനായിറ്റിക്കുസ്, വത്തിക്കാനുസ് എന്നീ സുപ്രധാന പകർപ്പുകളിലും കാണുന്നില്ല. എന്നാൽ 5-ാം ശതകത്തിലെ കൈയെഴുത്തുപ്രതികളിൽ ഇവ ഉൾപ്പെടുത്തിയിട്ടുണ്ട്.

**വിശുദ്ധർക്ക്:** ജ്ഞാനസ്നാനം സ്വീകരിച്ചവരും ദൈവത്തിനായി മാറ്റിനിർത്തപ്പെട്ടവരും (1 കോറി 6,11). ആദിമക്രൈസ്തവരുടെയിടയിൽ സാധാരണമായിരുന്ന ഈ പേര് (അപ്പ 9,13; റോമാ 1,7; 1 കോറി 1,2; 2 കോറി 1,1) ഇസ്രായേൽജനത്തിന് പഴയനിയമത്തിൽ നല്കിയിരുന്നതാണ് (പുറ 19,6; ലേവ്യ 11,44; 19,2; 20,26). പൗലോസിന്റെ ലേഖനങ്ങളിൽ ബഹുവചനരൂപത്തിൽമാത്രം ഉപയോഗിക്കുന്ന 'വിശുദ്ധർ' എന്ന പദം വിശ്വാസികളെല്ലാവരെയും സൂചിപ്പിക്കുന്നു.

**1,2: കൃപയും സമാധാനവും:** 1 കോറി 1,3.
**പിതാവായ:** ലേഖനങ്ങളിൽ ദൈവത്തിനു നല്കിയിരിക്കുന്ന പ്രധാന അഭിധാനം (1,3.17; 2,18; 3,14; 4,6; 5,20; 6,23). യേശുവിന്റെയും വിശ്വാസികളുടെയും (cf. റോമാ 8,14-17; ഗലാ 4,4-7) പിതാവാണ് ദൈവം.

**1,3-14:** ഗ്രീക്കുമൂലത്തിൽ ഈ പന്ത്രണ്ട് വചനങ്ങൾ ഒറ്റ വാക്യമാണ്. ഈ ഭാഗം മൂല ഗ്രീക്കിൽ ഒറ്റ, സങ്കീർണ്ണ വാക്യമാണ്, ഇതിനെ പലപ്പോഴും 'ഇതുവരെ എഴുതപ്പെട്ടതിൽ വച്ച് ഏറ്റവും വലിയ വാചകം' (ഗ്രീക്ക് പുതിയ നിയമത്തിലെ ഏറ്റവും ദൈർഘ്യമേറിയ വാചകം)എന്ന് വിളിക്കുകയും ദൈവത്തിന് ഒരു വിപുലീകൃത സ്തുതിയായി (ഒരു സ്തുതിഗീതം) പ്രവർത്തിക്കുകയും ചെയ്യുന്നു.
1,3-10 ഒരു പുതിയനിയമ കീർത്തനമായി ആരാധനക്രമത്തിൽ ഉപയോഗിച്ചിരിക്കുന്നു. അഭിവാദനത്തിനുശേഷം പൗലോസിന്റെ കത്തുകൾ സാധാരണമായി നന്ദിപ്രകാശനത്തോടെയാണ് തുടരുന്നതെങ്കിലും ഇവിടെ ദൈവസ്തുതിക്കായുള്ള കീർത്തനമാണുള്ളത് (cf. 2 കോറി 1,3.4; 1 പത്രോ 1,3-12). ഈ സ്തുതിപ്പുകൾക്ക് യഹൂദമതത്തിലെ 'ബെറാക്ക'യോടും (ആശീർവാദപ്രാർഥനകൾ - 1 ദിന 29,10-13; തോബി 13,1-18; ദാനി 3,3-68) ഖുംറാനിലെ ഹോദയോത്തിനോടും (സ്തോത്രഗീതം) സാമ്യമുണ്ട്. പൗലോസിന്റെ അനുഗ്രഹാശിസ്സുകൾ പരിശുദ്ധത്രിത്വകേന്ദ്രീകൃതമാണ്: പിതാവ് നമ്മെ തിരഞ്ഞെടുക്കുന്നു (1,4), പുത്രൻ വീണ്ടെടുക്കുന്നു (1,7), പരിശുദ്ധാത്മാവ് മുദ്രിതരാക്കുന്നു (1,13).

**1,3: സ്വർഗത്തിലെ:** 'ഊറാനോയ്' (സ്വർഗം) എന്ന സാധാരണ പദത്തിനു പകരം 'എപ്പുറനീയ' (സ്വർഗീയസ്ഥലങ്ങൾ) എന്നതാണ് ഈ ലേഖനത്തിൽ ഉപയോഗിച്ചിരിക്കുന്നത് (1,3.20; 2,6; 3,10; 6,12). എല്ലാ ആത്മീയാനുഗ്രഹങ്ങളാലും: ദൈവം നല്കുന്ന രക്ഷയുടെ പൂർണതയാണ് ഇവിടെ സൂചിപ്പിക്കുന്നത് (cf. ഉത്പ 49,25).
**ക്രിസ്തുവിൽ:** കൃപയിലൂടെ യേശുവുമായുള്ള ഐക്യത്തിന്റെ ഒരു വിവരണം. ക്രിസ്തുവാണ് സഭയാകുന്ന ശരീരത്തിന്റെ ശിരസ്സ് (1,22.23; 2,16; 5,23).
**വാഴ്ത്തപ്പെട്ടവനാകട്ടെ (സ്തുതിക്കപ്പെട്ടവനാകട്ടെ). :** പരമ്പരാഗത യഹൂദശൈലിയിലെ കീർത്തനം (1 രാജാ 8,15.56; ലൂക്കാ 1,66-75).

**1,4: വിശുദ്ധരും നിഷ്കളങ്കരും:** ദൈവം തന്റെ മക്കളിൽ കാണാനാഗ്രഹിക്കുന്ന പൂർണത (5,27; കൊളോ 1,22). പഴയനിയമത്തിൽ 'വിശുദ്ധർ' എന്നാൽ ദൈവത്തിനായി 'വേർതിരിക്കപ്പെട്ടവർ' എന്നും, 'നിഷ്കളങ്കർ' എന്നാൽ 'കറയില്ലാത്തത്', 'ബലിക്കു യോഗ്യമായത്' (ലേവ്യ 1,3.10) എന്നും അർഥമാക്കുന്നു. പിതാവിന് നമ്മെത്തന്നെ പരിശുദ്ധവും ജീവനുമുള്ള ബലിവസ്തുക്കളുമായി കാഴ്ചവയ്ക്കാനുള്ള ക്രിസ്തീയവിളിയുടെ നിഴലുകൾ മാത്രമാണിവ (cf. റോമാ 12,1; എഫേ 5,2). 1 കോറി 1,1.

**1,6: പ്രിയപ്പെട്ടവനിലൂടെ ( In greek *Ēgapēmenō*): :** ക്രിസ്തുവിനു നല്കുന്ന പ്രത്യേക വിശേഷണം (മർക്കോ 1,11; കൊളോ 1,13).

**1, 7 രക്ഷയും (വീണ്ടെടുപ്പ്):** ഒരു അടിമയെയോ തടവുകാരനെയോ സ്വതന്ത്രനാക്കാനുള്ള (greek word = 'അപ്പോലുത്രോസിസ്': Septuagint പുറ 21,8; ദാനി 4,34) മോചനദ്രവ്യം. ദൈവം ഇസ്രായേലിനെ ഈജിപ്തിൽനിന്നു രക്ഷിച്ച് തന്റെ ജനമാക്കി (പുറ 15,16; സങ്കീ 74,2). പാപത്തിന്റെ അടിമത്തത്തിൽനിന്നു ക്രിസ്തു നമ്മെ മോചിപ്പിക്കുമ്പോൾ ഒരു പുതിയ ആത്മീയ പുറപ്പാടിൽ നമ്മളും പങ്കുകാരാകുന്നു (റോമാ 6,15-18).
നമുക്കു (നമുക്കുണ്ട്): 'എഖോമെൻ' എന്ന greek വർത്തമാനകാല ക്രിയ, യേശുവിശ്വാസികൾക്ക് പാപത്തിൽനിന്നുള്ള മോചനത്തിന്റെ ഉറവിടമായി തുടരുന്നുവെന്ന് അർഥമാക്കുന്നു.

**1,8: സമ്പൂർണജ്ഞാനത്താലും വിവേകത്താലും:** പഴയനിയമത്തിൽ, കല്പനകൾപാലിച്ച് ദൈവികവെളിപാടിനു ശ്രദ്ധകൊടുക്കുന്നവരുടെ ഗുണങ്ങളാണ് ജ്ഞാനവും വിവേകവും (സുഭാ 1,2-7; 2,2-10; സങ്കീ 37,30.31).

**1,10: പദ്ധതി:** ഭവനമോ നഗരമോ പരിപാലിക്കുകയെന്നതാണ് 'ഓയ്ക്കോണോമിയ' എന്ന ഗ്രീക്കുപദത്തിന്റെ പ്രഥമാർഥം. ദൈവവുമായി ബന്ധിപ്പിക്കുമ്പോൾ, ദൈവപരിപാലനയിൽ പ്രപഞ്ചത്തിലെ സകലതും നയിക്കപ്പെടുന്നതിനെ സൂചിപ്പിക്കുന്നു.

**1,11: തിരഞ്ഞെടുക്കപ്പെട്ടു:** ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'ക്ലേരോനോമെയോ' എന്ന ഗ്രീക്കുപദത്തിന്റെ അക്ഷരാർഥം, പിന്തുടർച്ചാവകാശം ലഭിക്കുകയെന്നതാണ്. ഇസ്രായേൽ ദൈവത്തിന്റെ അവകാശമാണെന്നതിന്റെ ധ്വനിയാണ് ഇതുണർത്തുന്നത് (നിയ 9,29). എസ്സീൻസമൂഹം സ്വയംവിശേഷിപ്പിക്കാൻ ഈ പദമാണ് ഉപയോഗിക്കുന്നത് (1 QS 4,26; 11,7).

**1,13: മുദ്രിതരാക്കപ്പെട്ടിരിക്കുന്നു (ഗ്രീക്ക് പദമായ എസ്ഫ്രാഗിസ്തേതേ):** മുദ്രവയ്ക്കുന്നത് പുരാതനസമൂഹങ്ങളിൽ ഉടമസ്ഥാവകാശത്തിന്റെയും സംരക്ഷണത്തിന്റെയും അടയാളമായിരുന്നു (4,30; എസെ 9,4-6; വെളി

7,4). അപ്രകാരംതന്നെയാണ് പരിശുദ്ധാത്മാവിലുള്ള മുദ്രയും (cf. 2 കോറി 1,22).

**1,14: അച്ചാരമാണ്:** ഹീബ്രുവിൽനിന്നുള്ള 'അർറബോൺ' എന്ന ഗ്രീക്കുപദത്തിന് 'ആദ്യ ഗഡു' എന്ന അർഥമാണുള്ളത് (ഉത്പ 38,17.18). സ്വർഗത്തിൽ അനുഭവിക്കുന്ന നിത്യജീവന്റെയും അനുഗ്രഹങ്ങളുടെയും ആദ്യ ഗഡു അഥവാ, മുന്നാസ്വാദനമാണ് ജ്ഞാനസ്നാനത്തിൽ നാം സ്വീകരിക്കുന്ന പരിശുദ്ധാത്മാവ് (2 കോറി 1,22).

**1,15-23:** ഗ്രീക്കുമൂലത്തിൽ ഈ വാചകങ്ങൾ ഒറ്റ വാക്യമാണ്.

**1,15:** 'എല്ലാ വിശുദ്ധരോടുമുള്ള സ്നേഹത്തെയും' എന്നത് ചില മൂലപ്രതികളിലില്ല.
ഞാനും ... കേട്ട്: പൗലോസ് ഈ സമൂഹത്തെ നേരിൽ കണ്ടിരിക്കുവാൻ സാധ്യതയില്ലെന്നതിന്റെ സൂചന (cf. 4,21).

**1,17: മഹത്ത്വത്തിന്റെ പിതാവ്:** സാധാരണമല്ലാത്ത ഈ പ്രയോഗം സങ്കീ 29,3 ൽ കാണാം. 1 കോറി 2,8 ൽ പൗലോസ് യേശുവിനെ 'മഹത്ത്വത്തിന്റെ കർത്താവ്' എന്നു വിശേഷിപ്പിക്കുന്നുണ്ട്. **ജ്ഞാനത്തിന്റെയും ...:** രണ്ടാം നൂറ്റാണ്ടിൽ സഭയിൽ പടർന്നുപിടിച്ച ജ്ഞാനവാദത്തിലെ പ്രധാന പ്രമേയങ്ങളായിരുന്നു ജ്ഞാനവും വെളിപാടും.

**1,20: വലത്തുവശത്തിരുത്തി:** രാജകീയപദവിയുടെയും പരമാധികാരത്തിന്റെയും അടയാളമാണിത്. പിതാവിനോടൊപ്പം ഭരിക്കുന്ന ക്രിസ്തുവിന് സർവപ്രപഞ്ചത്തിന്റെയുംമേൽ അധികാരമുണ്ട് (മർക്കോ 16,19). മിശിഹായുടെ സ്വർഗീയകിരീടധാരണവും സിംഹാസനാരോഹണവും വിവരിക്കുന്ന സങ്കീ 110,1 പൗലോസ് ഇവിടെ സൂചിപ്പിക്കുന്നു. പുതിയനിയമത്തിൽ ഏറ്റവും കൂടുതൽ ഉദ്ധരിക്കപ്പെടുന്ന പഴയനിയമഭാഗവും ഇതുതന്നെ (മത്താ 22,44; അപ്പ 2,34-35; 1 കോറി 15,25; ഹെബ്രാ 1,13).

**1,21: എല്ലാ ആധിപത്യങ്ങൾക്കും ...: മാലാഖമാരുടെ വിവിധ വ്യൂഹങ്ങൾക്ക് പരമ്പരാഗതമായി യഹൂദ-**ക്രൈസ്തവ പാരമ്പര്യങ്ങളിൽ കൊടുത്തിരുന്ന പേരുകളാണ് ഇവിടെയുള്ളത് (എഫേ 3,10; 6,12. കൊളോ 2,15; 1 പത്രോ 3,22). ദൈവം ക്രിസ്തുവിനെ ദൃശ്യവും അദൃശ്യവുമായ എല്ലാ സൃഷ്ടികളുടെയുംമേൽ ഉയർത്തി എന്നാണ് പൗലോസ് ഇവിടെ സൂചിപ്പിക്കുന്നത്.
**ഈ യുഗത്തിൽ:** യഹൂദപാരമ്പര്യം ഇപ്പോഴുള്ള തിന്മയുടെ യുഗവും വരാനിരിക്കുന്ന മിശിഹായുടെ യുഗവും തമ്മിൽ വേർതിരിച്ചുകണ്ടിരുന്നു.

**1,22: പാദങ്ങൾക്കു കീഴിലാക്കുകയും:** അധീനപ്പെടുത്തുന്നതിന്റെയും പരാജയപ്പെടുത്തുന്നതിന്റെയും അടയാളം (cf. സങ്കീ 8,6).
**ശിരസ്സായി:** ക്രിസ്തു ഈ പ്രപഞ്ചത്തിന്റെയും തന്റെ ശരീരമാകുന്ന സാർവത്രികസഭയുടെയുംമേൽ ഭരണം നടത്തുന്നു (1,23). എഫേസോസുകാർക്കും കൊളോസോസുകാർക്കുമുള്ള ലേഖനങ്ങളിൽ ക്രിസ്തുവിനെ സഭയാകുന്ന ശരീരത്തിന്റെ ശിരസ്സായി അവതരിപ്പിക്കുമ്പോൾ, 1 കോറി 12-ലും റോമാ 12,4-8-ലും ക്രിസ്തുവിനെ ശരീരം മുഴുവനോടും തുലനം ചെയ്തിരിക്കുന്നു. ശിരസ്സ് (എഫേ 5,23). സഭ: 'സഭ' ('എക്ലേസിയ') എഫേസോസിലെയും (1,22; 3,10.21; 5,23.24.27.29.32) കൊളോസോസിലേയും (കൊളോ 1,18.24) സഭകൾക്കുള്ള കത്തുകളിൽ സാർവത്രികസഭയെന്ന അർഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. പൗലോസിന്റെ മറ്റു ലേഖനങ്ങളിലെ 'ശരീരം' (1 കോറി 12; റോമാ 12,4-8) എന്ന പ്രതീകം ഈ ലേഖനത്തിൽ സാർവത്രികസഭയെ സൂചിപ്പിക്കുന്നു (1,23; 2,16; 4,4.16; 5,23.30). അതുപോലെതന്നെ, 'ദേവാലയം' കോറിന്തോസിലെ സഭയെ സൂചിപ്പിക്കുന്നെങ്കിൽ (1 കോറി 3,9-17), എഫേ 2,20-22-ൽ സാർവത്രികസഭയെയാണ് സൂചിപ്പിക്കുന്നത്. സഭ (അപ്പ 5,11).

**1,23: അവന്റെ ശരീരമാണ്:** സഭ എന്നാണർഥം (cf. കൊളോ 1,18). **പൂർണത:** സകലതും പൂർത്തിയാക്കുന്നതു ദൈവമാണെന്ന് (കൊളോ 1,19) ചിലർ പറയുമ്പോൾ, ക്രിസ്തുവാണെന്ന് (cf. 4,10) മറ്റു ചിലർ പരാമർശിക്കുന്നു. എല്ലാം പൂർണമാക്കുന്നതു ദൈവമാണെന്ന് പഴയനിയമം പറയുന്നുണ്ട് (ഏശ 6,3; LXX ജറെ 23,23.24; ജ്ഞാനം 1,7; 7,24). ദൈവത്തിന്റെ പൂർണത മുഴുവൻ നിവസിക്കുന്ന ക്രിസ്തു (കൊളോ 2,9) സഭയെയും ഓരോ വിശ്വാസിയെയും പൂർണതയിലേക്കു നയിക്കുന്നു (3,19; 5,18). പ്രപഞ്ചത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി പൂർത്തികരിക്കപ്പെടുന്നത് സഭയിലൂടെയാണ് (cf. 3.9-10).

**2,1-22:** മനുഷ്യനെ ദൈവവുമായും (2,1-10) മനുഷ്യരെയും രാജ്യങ്ങളെയും തമ്മിൽത്തമ്മിലും (2,11-22) എങ്ങനെയാണ് ക്രിസ്തു രമ്യതപ്പെടുത്തുന്നത് എന്നതിനെക്കുറിച്ചാണ് ഇവിടെ പരാമർശം. ഈ വാക്യങ്ങളിൽ 2,1-7-ഉം 2,17-22-ഉം ഗ്രീക്കുമൂലത്തിൽ ഇത് ഒറ്റ വാക്യമാണ്.

**2,8: കൃപയാലാണ്:** 'ഖാരിസ്' എന്ന Greek പദം ദൈവത്തിന്റെ പ്രീതിയും അവിടന്നു നല്കുന്ന ജീവനും അർഥമാക്കുന്നു. കൃപ (2 കോറി 8).
രക്ഷിതരായിരിക്കുന്നത്: Greek പദം സെസോസ്മെനോയ്പാപത്തിൽനിന്നും ആത്മീയമരണത്തിൽനിന്നുമുള്ള മോചനമാണ് (2,1-3) വിവക്ഷിക്കുന്നത്.

**2,10: കരവേലയാണ്:** 'പൊയ്യേമ' എന്ന ഗ്രീക്കുപദം സപ്തതിയിൽ ദൈവത്തിന്റെ പ്രവൃത്തിയായ സൃഷ്ടിയെ (Septuagint സങ്കീ 142,5) സൂചിപ്പിക്കുന്നു (cf. റോമാ 1,20).

**2,11: അപരിച്ഛേദിതർ (Greek പദം എത്നെ ):** ഇസ്രായേലിനുള്ള ഉടമ്പടിയനുഗ്രഹങ്ങൾ നിഷേധിക്കപ്പെട്ടിരുന്ന വിജാതീയർക്കുള്ള വിശേഷണം (2,12; റോമാ 9,4-6).

**2,12: നിരീശ്വരരും:** Greek പദം 'അഥെയോയ്' (ദൈവമില്ലാതെ) എന്നത് വിജാതീയർ ദൈവത്തെക്കുറിച്ച് അജ്ഞരാണെന്ന് (Septuagint ജറെ 10,25; 1 തെസ്സ 1,9; 4,5; ഗലാ 4,8) അർഥമാക്കുന്നു.

**2,14: സമാധാനം Greek പദം ഐറേനെ :** മിശിഹായെ സമാധാനരാജൻ (ഏശ 9,6) എന്ന് ഏശയ്യാ വിശേഷിപ്പിക്കുന്നുണ്ട്. പഴയനിയമത്തിൽ സമാധാനം (ഷാലോം) സമഗ്രമായ ക്ഷേമമാണ്.
ശത്രുതയുടെ മതിലുകൾ/വിഭജനമതിൽ (മെസോട്ടോയിച്ചോൺ തു ഫ്രാഗ്മു): ജറുസലേം ദേവാലയത്തിൽ ഇസ്രായേല്ക്കാർക്കു മാത്രമായുള്ള അകത്തെ അങ്കണത്തിൽനിന്ന് വിജാതീയർക്കുള്ള പുറത്തെ അങ്കണത്തെ വേർതിരിച്ചിരുന്ന മതിൽ. അകത്തുകടക്കുന്ന വിജാതീയർ മരണശിക്ഷയർഹരാകും എന്ന മുന്നറിയിപ്പ് അകത്തേക്കുള്ള പ്രവേശനകവാടങ്ങളിലുണ്ടായിരുന്നു. ഇസ്രായേല്ക്കാർ വിജാതീയരുടെ വിഗ്രഹാരാധന, ദുർമാർഗങ്ങൾ എന്നിവയിൽനിന്ന് അകന്നുനില്ക്കേണ്ടതിനെയും (ലേവ്യ 20,26) വംശീയമായി രണ്ടുകൂട്ടരും തമ്മിൽ ഉണ്ടായിരുന്ന ചേർച്ചയില്ലായ്മയും ഈ മതിൽ സൂചിപ്പിക്കുന്നു. ക്രിസ്തുവാകട്ടെ, ഈ വേർതിരിവിന്റെ മതിൽ ഇല്ലാതാക്കി, യഹൂദരെയും വിജാതീയരെയും ഒന്നിപ്പിച്ചു (2,15; റോമാ 15,7-12; ഗലാ 3,28).

**2,17: വിദൂരസ്ഥരായ നിങ്ങളോട്:** പഴയനിയമത്തിൽ വിജാതീയരെ വിദൂരസ്ഥർ (Greek പദം മക്രൻ)എന്നു വിളിക്കുന്നുണ്ട് (നിയ 28,49; 1 രാജാ 8,41; ഏശ 5,26; ജറെ 5,15). ദൈവത്തിൽനിന്നുള്ള ആത്മീയ അകല്ച്ചയാണ് ഇവിടെ ഉദ്ദേശിക്കുന്നത്.
**സമാധാനം പ്രസംഗിച്ചു:** ദൈവത്തോട് അടുത്തുനില്ക്കുന്ന ഇസ്രായേലിനോടും ദൈവത്തിൽനിന്ന് അകന്നുകഴിയുന്ന വിജാതീയരോടും സമാധാനം പ്രഘോഷിക്കുന്ന ഏശ 57,19-ലെ വാക്യം പൗലോസ് സ്വന്തം വാക്കുകളിൽ ഇവിടെ പറയുന്നു.

**2,20: മൂലക്കല്ലോ (Greek പദം അക്രോഗോണിയായു):** പുതിയ ആലയം പണിയുമ്പോൾ ആദ്യം വയ്ക്കുന്ന ഈ കല്ല്, യഹൂദ വാസ്തുശില്പശാസ്ത്ര പ്രകാരം, അടിത്തറയുടെ ഭാഗമാണ്. സഭയുടെ മാറ്റപ്പെടാത്ത അടിത്തറയുടെ മൂലക്കല്ലായി ക്രിസ്തുവിനെ കാണുന്നു (1 കോറി 3,11).

**3,1:** തടവുകാരനായിരിക്കുന്ന പൗലോസ്: പൗലോസ് റോമായിൽ വീട്ടുതടങ്കലിലായിരുന്നു (അപ്പ 28,16.30).

**3,2: കൈകാര്യം ചെയ്യാൻ:** 'ഓയ്ക്കോണോമിയ' എന്നത് ദാസൻ തന്റെ യജമാനനുവേണ്ടി ധനകാര്യം അടക്കമുള്ള വീട്ടുകാര്യങ്ങളെല്ലാം വിശ്വസ്തതയോടെ നോക്കിനടത്തുന്നത് സൂചിപ്പിക്കുന്നു. ദൈവികരഹസ്യങ്ങളുടെ കാര്യസ്ഥനായ പൗലോസ് (1 കോറി 4,1) സഭയുടെ കാര്യങ്ങളെല്ലാം നിർവഹിക്കാനായി തിരഞ്ഞെടുക്കപ്പെട്ടവനാണ് (1 തിമോ 3,1).

**3,3:** 'രഹസ്യം' ('മ്യുസ്തേരിയോൻ') എന്ന പദം എഫേസോസുകാർക്കുള്ള ലേഖനത്തിൽ ആറുതവണയും മറ്റു പുതിയനിയമഭാഗങ്ങളിൽ 22 തവണയും ഉപയോഗിച്ചിട്ടുണ്ട്. ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ യേശു ഉപമകളിലൂടെ വെളിപ്പെടുത്തിയതുപോലെ (മത്താ 13,11; മർക്കോ 4,11), ക്രിസ്തുവിന്റെ ഭരണത്തിൽ വെളിപ്പെടുന്ന ദൈവത്തിന്റെ നിഗൂഢപദ്ധതിയെപ്പറ്റി പൗലോസ് തന്റെ വായനക്കാരെ ഉദ്ബോധിപ്പിക്കുന്നു (റോമാ 16,25; 1 കോറി 15,51; എഫേ 5,32; കൊളോ 2,2; 1 തിമോ 3,16). ദാനിയേലിന്റെ പുസ്തകത്തിലെ 'രഹസ്യ'ത്തെക്കുറിച്ചുള്ള പരാമർശങ്ങളാകണം (ദാനി 2,18.19.27-30.47) ഈ ആശയത്തിന്റെ ഉറവിടം. ബാബിലോൺ രാജാവായ നെബുക്കദ്നേസറിനുണ്ടായ ഒരു സ്വപ്നത്തിന്റെ രഹസ്യം വിശദീകരിച്ചു
കൊണ്ട്, ഈ ലോകത്തിലെ സാമ്രാജ്യങ്ങളെയെല്ലാം പ്രതിനിധാനം ചെയ്യുന്ന മനുഷ്യന്റെ ഒരു വലിയ പ്രതിമയാണ് രാജാവു സ്വപ്നംകണ്ടതെന്നു ദാനിയേൽ വെളിപ്പെടുത്തുന്നു. തുടർന്ന്, ദൈവത്തിൽനിന്നു സാമ്രാജ്യം ലഭിച്ച രാജാവുതന്നെയാണ് ഈ പ്രതിമയുടെ തലയെന്നും (ദാനി 2,37.38) ഈ പ്രതിമ തകരുകയും പകരം മിശിഹാരാജ്യം സ്ഥാപിതമാകുകയും ചെയ്യുമെന്നും പ്രവചിക്കുന്നു. ഈ രാജ്യത്തിന്റെ രഹസ്യമാണ് എഫേസോസുകാർക്കുള്ള ലേഖനത്തിലെ പ്രമേയം (എഫേ 1,9; 3,4.9). ക്രിസ്തു ശിരസ്സാകുന്ന ശരീരമായ സഭയുടെ രഹസ്യമാണ് ഇവിടെ പ്രതിപാദിക്കപ്പെടുന്നത്.

**3,7: ശുശ്രൂഷകനായി:** 'സുവിശേഷത്തിന്റെ ശുശ്രൂഷകൻ' എന്നത് കൊളോ 1,23-ലുമുണ്ട്. 'ദിയാകൊണോസ്' എന്ന പദം പ്രാദേശിക സഭകളിലുള്ളവരെ സൂചിപ്പിക്കാനും (റോമാ 16,1; ഫിലി 1,1) സഭകളുടെ പ്രേഷിതനായി സ്വയം അവതരിപ്പിക്കാനും (1 കോറി 3,5-7; 2 കോറി 3,6; 6,4) പൗലോസ് ഉപയോഗിക്കുന്നുണ്ട്. ആദിമസഭയിലെ പ്രേഷിതരെയും ഈ പദം സൂചിപ്പിച്ചിരുന്നു.

**3,8:** ഗ്രീക്കുമൂലത്തിൽ 3,8-12 ഒറ്റ വാക്യമാണ്. അതുപോലെ, 3,14-19-ഉം.

**3,9:** 'എല്ലാവർക്കും' എന്ന വാക്ക് ചില മൂലപ്രതികളിൽ കാണുന്നില്ല.

**3,12: ധൈര്യവും (Greek പദം 'പറേസിയ') :** വിജ്ഞാനികൾക്കുള്ളതാണ് സംസാരത്തിലുള്ള ധൈര്യം ( 1 തെസ്സ 2,2; 2 കോറി 3,12). ദൈവസന്നിധിയിലേക്ക് പ്രാർഥനയ്ക്കായി അടുക്കാനുള്ള അനുഗ്രഹവും ഇതു സൂചിപ്പിക്കുന്നു.

**3,14: എന്റെ മുട്ടുകൾ മടക്കുന്നു:** വിധേയപ്പെടുന്നതിന്റെയും ആരാധനയുടെയും ഒരടയാളമാണിത് (സങ്കീ 95,6; അപ്പ 7,60; 9,40; 20,36).

**4,1-6.20:** പൗലോസ് സന്മാർഗോപദേശങ്ങളോടെയാണ് (അധ്യാ 4-6) ദൈവശാസ്ത്രാവതാരണം (അധ്യാ 1-3) പര്യവസാനിപ്പിക്കുന്നത്. വിശ്വാസികളുടെ പെരുമാറ്റങ്ങൾ അവരുടെ വിശ്വാസത്തിൽനിന്ന് വരുന്നതാണ് എന്നർഥം. ഗ്രീക്കുമൂലത്തിൽ ആഹ്വാനപരമായ 36 ക്രിയാപദങ്ങൾ ഇവിടെയുണ്ട്. ഈ ഭാഗത്തും ഗ്രീക്കുമൂലത്തിൽ നീണ്ട വാക്യങ്ങൾ കാണാം: 4,1-6, 4,11-16, 4,17-19, 4,20-24, 5,7-14, 5,18-21, 5,25-27, 5,28-30, 6,14-20 എന്നിവയെല്ലാം ഒറ്റ വാക്യങ്ങളാണ്.

**4,2.3:** ഇവിടെ സൂചിപ്പിക്കുന്ന പുണ്യങ്ങൾ ഗലാ 5,22.23-ലും കൊളോ 3,12.13-ലും കാണാം.
**4,2: ദീർഘക്ഷമയോടും (Greek പദം മക്രോതുമിയാസ്) :** യഹൂദ-ക്രൈസ്തവ പാരമ്പര്യങ്ങളിൽ ഇത് ദൈവത്തിലോ (ജറെ 15,15; റോമാ 2,4; 9,22; 1 തിമോ 1,16; 1 പത്രോ 3,20) മനുഷ്യരിലോ (സുഭാ 25,15; 2 കോറി 6,6; ഗലാ 5,22) കാണുന്നതാണ്.
**4,8: ആരോഹണംചെയ്തപ്പോൾ:** സങ്കീ 68,18-ൽനിന്നുള്ള ഈ ഉദ്ധരണി. ഈജിപ്തിൽനിന്നു വന്ന ഇസ്രായേല്ക്കാർ ജറുസലേമിലെ സിയോൺമലമുകളിലേക്കു നയിക്കപ്പെടുന്നതിനെപ്പറ്റിയുള്ള 68-ാം സങ്കീർത്തനം പൗലോസിന്റെ കാഴ്ചപ്പാടിൽ യേശുവിന്റെ സ്വർഗീയ ജറുസലേമിലേക്കുള്ള ആരോഹണവും (കൊളോ 2,15) തുടർന്ന് സഭയ്ക്ക് പെന്തക്കൊസ്താദിനത്തിൽ ക്രിസ്തുവിലൂടെയുള്ള പരിശുദ്ധാരൂപിയുടെ ദാനങ്ങളും സൂചിപ്പിക്കുന്നു (അപ്പ 2,2-4).

**4,11: ഇടയന്മാരും (Greek പദം പൊയ്മേനാസ്):** ഏഷ്യാമൈനറിലെ സഭകളിലെ ശ്രേഷ്ഠന്മാരെ ഇപ്രകാരം വിളിക്കുന്നുണ്ട് (1 പത്രോ 5,1-5; അപ്പ 20,28).

**4,24: ധരിക്കുക ( Greek പദം എന്തുശാസ്തായ്) :** ജ്ഞാനസ്നാനം സ്വീകരിച്ച ഉടനേ അർഥികൾ ശുഭ്രവസ്ത്രം ധരിക്കുന്നതിനെ സൂചിപ്പിക്കുന്നു. ആലങ്കാരികഭാഷയിൽ, പാപകരമായ ജീവിതരീതികൾ മാറ്റി ക്രിസ്തുവിനെ (നന്മകൾ) ധരിക്കാൻ പൗലോസ് ആഹ്വാനം ചെയ്യുന്നു (റോമാ 13,14; ഗലാ 3,27).

**4,25: വ്യാജംവെടിഞ്ഞ്:** വ്യാജംപറയുന്ന നാവിനെ കർത്താവ് വെറുക്കുന്നു (സുഭാ 6,16.17).

**4,26: കോപിക്കാം:** എല്ലാ കോപവും ഹാനികരമോ പാപകരമോ ആകണമെന്നില്ല (സങ്കീ 119,53; മർക്കോ 2,5). പക്ഷേ, കോപിക്കാനിടയായാൽ ഉടനേ അനുരഞ്ജനപ്പെടണം.

**5,5: വിഗ്രഹാരാധകനും (Greek പദംഎയ്ഡലോലാട്രെസ് ):** ലോകത്തിന്റേതായവയെ ദൈവത്തെക്കാൾ സ്നേഹിക്കുകയും ആഗ്രഹിക്കുകയും ചെയ്യുമ്പോഴെല്ലാം അവയെ നാം വിഗ്രഹങ്ങളാക്കുന്നു (മത്താ 6,4; കൊളോ 3,5).

**5,10: വിവേചിച്ചറിയുവിൻ:** 'ദോക്കിമാറ്റ്സോ' എന്ന ഗ്രീക്കുപദം വിശ്വാസികൾ ഓരോ സാഹചര്യത്തിലും ശരിയായതെന്തെന്ന് അന്വേഷിച്ചറിയണമെന്നാണ് അർഥമാക്കുന്നത്. ഇതിലുള്ള വീഴ്ച ദൈവികശിക്ഷയിലേക്കു നയിക്കും (1 കോറി 11,28-32).

**5,11: കുറ്റംവിധിക്കുവിൻ:** 'എലെംഗ്ഖോ' എന്ന പദത്തിന് 'തുറന്നുകാട്ടുക' എന്നാണർഥം. ദൈവം തിന്മയെ വിധിക്കുന്നത് ഇത് ഉദ്ദേശിക്കുന്നു (Septuagint ലേവ്യ 19,17; പ്രഭാ 19,13-17; 1 കോറി 14,24.25). നന്മയുളവാക്കാൻ വിശ്വാസികളും തെറ്റ് തുറന്നുകാട്ടേണ്ടവരാണ്.

**5,16: സമയം പ്രയോജനപ്പെടുത്തുക:** 'എക്സഗൊറാറ്റ്സോ' എന്ന പദത്തിന് 'തിരിയെ വാങ്ങുക' എന്നാണ് അക്ഷരാർഥം. തിന്മയുടെ ദിനങ്ങളിൽ, സമയം വിവേകപൂർവം ഉപയോഗിക്കാനാണ് പൗലോസ് നമ്മെ ഉപദേശിക്കുന്നത് (cf. കൊളോ 4,5).

**5,18: ഉന്മത്തരാകാതിരിക്കുവിൻ:** LXX സുഭാ 23,31-ലേതാണ് ഈ കല്പന. മദ്യലഹരി എല്ലാത്തരം ദുർനടത്തത്തിലേക്കുള്ള വാതിൽ തുറക്കുമ്പോൾ (സുഭാ 20,1), സുബോധം ആത്മാവിൽ ചരിക്കാൻ സഹായിക്കുന്നു (റോമാ 8,5-11).
**5,27: കറയോ ചുളിവോ:** വൃത്തിയാക്കിയ വസ്ത്രത്തിന്റെ രൂപകം.

**5,30:** ചില മൂലപ്രതികളിൽ 'അവന്റെ മാംസത്തിൽനിന്നും അവന്റെ എല്ലുകളിൽനിന്നും' എന്നുകൂടി ചേർത്തിരിക്കുന്നു.

**5,31: രണ്ടുപേരും ഒരു ശരീരമാകുകയും ചെയ്യും:** ഉത്പ 2,24-ൽ നിന്നുള്ള ഉദ്ധരണി.

**5,32: രഹസ്യമാണ്:** Greek പദം 'മ്യുസ്തേരിയോൻ' ഈ ലേഖനത്തിൽ ദൈവത്തിന്റെ നിഗൂഢമായ പദ്ധതി സൂചിപ്പിക്കുന്നു (1,9; 3,3; 4,9; 6,19). ക്രിസ്തുവും സഭയും തമ്മിലുള്ള സ്വർഗീയ ഐക്യത്തിന്റെ ഐഹികമായ പ്രതീകമാണ് വിവാഹം.

**6,2: നിന്റെ പിതാവിനെയും ...:** നിയ 5,16-ൽനിന്നുള്ള ഉദ്ധരണി. പത്തുകല്പനകളിലെ നാലാമത്തേതും അയല്ക്കാരനെ സ്നേഹിക്കുന്നതിനെക്കുറിച്ചുള്ളവയിൽ ആദ്യത്തേതുമാണിത്. ഈ കല്പന പാലിക്കുന്നവർക്ക് ക്ഷേമവും ദീർഘായുസ്സും ലഭിക്കും (എഫേ 6,3; പ്രഭാ 3,1-16). പുരാതന ഇസ്രായേലിൽ മാതാപിതാക്കന്മാർക്കെതിരായ കലാപം വധശിക്ഷയ്ക്കർഹമായ കുറ്റമായി കരുതപ്പെട്ടിരുന്നു (പുറ 21,17; നിയ 21,16-21).

**6,10-17:** പ്രാർഥനയ്ക്കും ആത്മീയയുദ്ധത്തിനുമുള്ള പൊതുവായ ആഹ്വാനമാണിവിടെ. ക്രൈസ്തവരെ പടച്ചട്ടകൾ ധരിച്ച റോമൻ സൈനികരോട് ഉപമിക്കുന്നു (cf. ഏശ 11,5; 59,16-17; ജ്ഞാനം 5,17-23). അവരുടെ പോരാട്ടം തിന്മയുടെ ആത്മീയശക്തികളോടാണ് (cf. 1,21; 2,2; 3,10). ക്രിസ്തു കുരിശുമരണംവഴി തിന്മയുടെ ശക്തികളെ തോല്പിച്ചെങ്കിലും (കൊളോ 2,15), അവിടന്ന് വീണ്ടുംവന്ന് അവരെ പൂർണമായും ഇല്ലാതാക്കുന്നതുവരെയും അവയുടെ സാന്നിധ്യം ലോകത്തിൽ തുടരുന്നു (1 കോറി 15,24; വെളി 20,10).

**6,12: മാംസത്തിനും രക്തത്തിനും:** മാനുഷികം എന്നു സൂചിപ്പിക്കുന്ന ഒരു സെമിറ്റിക്‌ശൈലി (മത്താ 16,17; 1 കോറി 15,50).
**പ്രഭുത്വങ്ങൾക്കും...:** സഭയെ എതിർക്കുന്ന പൈശാചികശക്തികളുടെ വ്യൂഹങ്ങൾ.

**6,20: സ്ഥാനപതിയെന്നനിലയിൽ:** പൗലോസ് റോമിൽ കാരാഗൃഹത്തിലായിരിക്കുമ്പോൾ എഴുതിയതാകണം ഈ കത്ത് (അപ്പ 28,16). തന്റെയടുക്കൽ വരുന്നവരോട് പ്രഘോഷിക്കാൻ സ്വാതന്ത്ര്യമുണ്ടായിരുന്ന (അപ്പ 28,23.31) പൗലോസ് സുവിശേഷം പ്രസംഗിക്കാനുള്ള ധൈര്യത്തിനായി തനിക്കുവേണ്ടി പ്രാർഥിക്കാൻ പറയുന്നു (6,19). സ്ഥാനപതി (2 കൊറി 5,20)

**6,21: തിക്കിക്കോസ്:** പൗലോസിന്റെ ഈ എഴുത്തും കൊളോസോസുകാർക്കുള്ള ലേഖനവും കൊണ്ടുപോയ സഹപ്രഘോഷകൻ (കൊളോ 4,7.8; 2 തിമോ 4,12.13). അപ്പ 20,4-ൽ പറഞ്ഞിരിക്കുന്ന വ്യക്തിതന്നെയാണിതെങ്കിൽ, അദ്ദേഹത്തിന് ഏഷ്യാമൈനറിലുള്ള (തുർക്കിയുടെ തെക്കു പടിഞ്ഞാറുഭാഗം) എഫേസോസും കൊളോസോസും സുപരിചിതമായിരുന്നിരിക്കണം.